


# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 – 2026

## VIDYA JYOTHI EMHS ARIPALAM

**ARIPALAM -680688, THRISSUR-KERALA**

**PH: 0480-2864488**

**E-mail:vidyajothiemhsaripalam@yahoo.com**

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 – 2026

**ആമുഖം**

തൃശ്ശൂർ ജില്ലയിൽ അരിപ്പാലം പഞ്ചായത്തിൽ അമ്പത്തൊന്നു വർഷം പഴക്കമുള്ള വിദ്യാലയമാണ് വിദ്യാ ജ്യോതി ഇംഗ്ലീഷ് മീഡിയം ഹൈസ്കൂൾ . ഈ കലാലയത്തിന്റെ വിദ്യാഭ്യാസം സമൂഹത്തിന്റെ എല്ലാ മേഖലകളിലും എത്തിക്കുന്നതിനുള്ള ശ്രമമാണ് തുടർന്നുകൊണ്ടിരിക്കുന്നത് .

ഈ വിദ്യാലയത്തിൽ എൽ പി, യു പി, ഹൈസ്കൂൾ വിഭാഗങ്ങളിലായി 273 വിദ്യാർഥികൾ പഠിക്കുന്നു . 16 അദ്ധ്യാപകരും ,3  ഓഫീസ് സ്റ്റാഫും ,1 മാനേജരും ആണ് ഇവിടെ പ്രവർത്തിക്കുന്നത് .

**ലക്ഷ്യം**

2025-26 അധ്യയനവർഷം വിദ്യാലയത്തെ അക്കാദമികവും സാമൂഹികവുമായ വളർച്ചക്കായി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി സമൂഹത്തിന്റെ വളർച്ചയിൽ കൈകൊടുക്കുന്നത് പ്രധാനമായ ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയാണ് ലക്ഷ്യം.

**പ്രവർത്തനങ്ങൾ**

ഓരോ പ്രവർത്തനവും പാഠ്യപദ്ധതി പ്രകാരം രേഖപ്പെടുത്തി നടപ്പിലാക്കും. അധ്യാപകർക്ക് ഉത്തരവാദിത്തം നൽകി ഹെഡ്മിസ്ട്രെസ്സിന്റെ നേതൃത്വത്തിൽ സമയബന്ധിതമായി പൂർത്തീകരിക്കാൻ ശ്രമിക്കുന്നു. പ്രവർത്തനങ്ങളുടെ വാർഷികപദ്ധതി Monthly Plan അടിസ്ഥാനപ്പെടുത്തി നടപ്പിലാക്കും.

**I. അക്കാദമിക് പ്രവർത്തനങ്ങൾ**

1. Monthly Testകൾ കൃത്യമായി എല്ലാ മാസവും Time Table അനുസരിച്ച് നടത്തുക.

2. Mid-Term Exam നടത്തുക.

3. Scheme of Work അനുസരിച്ച് പാഠഭാഗങ്ങൾ സമർപ്പിതമായി പൂർത്തിയാക്കുക.

4. സയൻസ് ലാബും കമ്പ്യൂട്ടർ ലാബും പാഠഭാഗങ്ങളായി ബന്ധിച്ച പരമാവധി പൂർത്തീകരിക്കുക

5. ഓരോ സ്റ്റാൻഡേർഡിനും പഠനയാത്രകൾ സംഘടിപ്പിക്കരുത്

6. കുട്ടികളുടെ നോട്ടുകൾ വിഷയങ്ങൾ എടുക്കുന്ന അധ്യാപകർ പരിശോധിക്കുകയും അത് രക്ഷിതാക്കളും പിന്നീട് ഹെഡ് മാത്രം പരിശോധിക്കുന്ന രീതി നടപ്പിലാക്കുന്നു

7. കർക്കടമാസത്തോടനുബന്ധിച്ച് ദശപുഷ്പ പ്രദർശനവും ഔഷധസസ്യപ്രദർശനവും നടത്തുകയുണ്ടായി.

**കലാപ്രവർത്തനങ്ങൾക്കുള്ള പരിശീലനം**

വിദ്യാലയത്തിൽ എല്ലാ ബുധനാഴ്ചകളിലെയും അവസാനത്തെ പിരീഡ് കലാപരമായ കഴിവുകൾ വളർത്താൻ ഉപയോഗിക്കുന്നു. സംഗീതത്തിലും നൃത്തത്തിലും താല്പര്യമുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സ്കൂളിലെ നൃത്ത അധ്യാപകന്റെയും സംഗീത അധ്യാപകന്റെയും കീഴിൽ കുട്ടികൾക്ക് അവസരം ഒരുക്കുന്നു

കലാരവം- സ്കൂൾ കലോത്സവം കലാരവം എന്ന പേരിൽ നടത്താൻ തീരുമാനിച്ചു എല്ലാ കുട്ടികളും ഏതെങ്കിലും ഒരു ഇനത്തിൽ പങ്കെടുക്കാനും ആവശ്യപ്പെട്ടു.

ടാലന്റ് ഷോ - കലോത്സവത്തിന് പുറമേ കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ ടാലന്റ് ഷോയിൽ അവസരമൊരുക്കി.

**കാരുണ്യ പ്രവർത്തനങ്ങൾ**

കാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി നാലാം ക്ലാസിലെ ഒരു വിദ്യാർത്ഥിക്ക് കുട്ടികളുടെ കൈത്താങ്ങായി ഓണത്തോട് അനുബന്ധിച്ച് വിദ്യാലയത്തിലെ ഒട്ടുമിക്ക വിദ്യാർത്ഥികളുടെയും സഹകരണത്തോടെ ഡ്രസ്സുകളും മറ്റും നിത്യോപയോഗ സാധനങ്ങളും ശേഖരിച്ച് നൽകുകയുണ്ടായി. വിദ്യാലയത്തിൽ നിന്നും വിദ്യാർത്ഥികളുടെ വീട്ടിലേക്ക് ഇടയ്ക്കൊക്കെ സന്ദർശനങ്ങൾ നടത്തി വിദ്യാർത്ഥികളും മാതാപിതാക്കളും വിദ്യാലയവും തമ്മിലുള്ള ബന്ധത്തിന്റെ ഊഷ്മളത നിലനിർത്തുന്നതോടൊപ്പം കിടപ്പുരോഗികളായ മാതാപിതാക്കൾ ഉള്ള വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക ശ്രദ്ധയും കരുതലും നൽകിവന്നു . കഴിഞ്ഞവർഷത്തെ വയനാട് ദുരന്തത്തിൽ അകപ്പെട്ടവരുടെ ആശ്രിതർക്കായി ഒരു കൈത്താങ്ങ് നൽകുന്നതിൽ വിദ്യാലയത്തിൽ നിന്നും അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും സജീവ പങ്കുവഹിച്ചു.

**മാധ്യമപ്രവർത്തനങ്ങൾ**

കുട്ടികളുടെ പത്രം- സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി കുട്ടികളുടെ പങ്കാളിത്തത്തോടെ കുട്ടികളുടെ പത്രം ഇ റക്കാറുണ്ട്.

ഷോർട്ട് ഫിലിം- ലഹരി ഉപയോഗത്തെക്കുറിച്ചും അതിന്റെ ഭവിഷ്യത്തുകളെ കുറിച്ചും കുട്ടികളിൽ അവബോധം വരുത്താനായി കുട്ടികളും അധ്യാപകരും ചേർന്ന് ഷോർട്ട് ഫിലിം നിർമ്മിച്ചു.

**പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ സഹായിക്കൽ**

അഞ്ചു മുതൽ 9 വരെയുള്ള കുട്ടികളിൽ മലയാളം ഹിന്ദി ഇംഗ്ലീഷ് എന്നീ വിഷയങ്ങൾ വായിക്കാനും എഴുതാനും അറിയാത്തവരെ സഹായിക്കാനായി ഒരു അധ്യാപകന്റെ സഹായത്തോടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു.

പത്തിൽപഠിക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസുകൾ കൊടുത്തുകൊണ്ട് അവരെ മുന്നോട്ടു കൊണ്ടു വരാൻ ശ്രമിക്കുന്നു

LSS, USS പരീക്ഷ എഴുതുന്ന കുട്ടികൾക്കായി പ്രത്യേകം പരിശീലനം കൊടുക്കുന്നു.

**കുട്ടികളിൽ വായന വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ**

കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ ലഭ്യമാക്കുന്ന പദ്ധതി. ഓരോ ക്ലാസിലെ കുട്ടികൾക്ക് പുസ്തകങ്ങൾ വിതരണം ചെയ്തു അവ ഓരോ മാസവും ക്ലാസ് അധ്യാപകന്റെ നേതൃത്വത്തിൽ കൈമാറ്റം ചെയ്യപ്പെടുന്നു ഓരോ മാസവും വായനാക്കുറിപ്പ് തയ്യാറാക്കലും മികച്ചതിന് ക്ലാസ് അടിസ്ഥാനത്തിൽ സമ്മാനവും

നൽകുന്ന രീതി. പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂളിൽ ഓരോ ക്ലാസിലേക്കും പത്രങ്ങൾ വരുത്തുകയും കുട്ടികൾക്ക് അത് വായിക്കുന്നതിനുള്ള സൗകര്യം ചെയ്തു കൊടുക്കുകയും ചെയ്യുന്നു.

**കുട്ടികളുടെ കായികപരമായ കഴിവുകൾ മെച്ചപ്പെടുത്താൻ**

വിദ്യാലയത്തിലെ കുട്ടികളുടെ കായികപരമായ കഴിവുകൾ തെളിയിക്കാൻ ക്ലാസുകൾ അവസാനിച്ചതിനു ശേഷം അവർക്ക് സ്പെഷ്യൽ കോച്ചിംഗ് സെക്ഷൻ നൽകുന്നതാണ്... വിവിധ ഇനം മത്സരങ്ങൾ സ്കൂളിൽ നിന്ന് കുട്ടികൾ പങ്കെടുക്കുന്നുണ്ട്.... മികച്ച രീതിയിൽ ഉള്ള പരിശീലനം കുട്ടികൾക്ക് ഉറപ്പാക്കുന്നുണ്ട്... സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും വിദ്യാലയത്തെ കുട്ടികൾ പ്രതിനിധീകരിക്കുന്നുണ്ട് സബ്ജില്ലാ, ജില്ലാ ടീമുകളുടെ ഭാഗമാകാൻ കുട്ടികൾക്ക് സാധിക്കുന്നുണ്ട്

**ദിനാചരണങ്ങൾ**

ഓരോ മാസത്തെയും ദിനാചരണങ്ങൾ ഓരോ ക്ലാസിലെയും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് മത്സരങ്ങൾ നടത്തിയും കുട്ടികളിലേക്ക് ഓരോ ദിനത്തിന്റെയും പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടും വളരെ ഭംഗിയായി നടത്തുന്നു.

**മോണിറ്ററിങ് സമിതി**

ഹെഡ്മിസ്ട്രസ് സെക്രട്ടറി, അധ്യാപകർ ഓഫീസ് സ്റ്റാഫ് പിടിഎ, എം പി ടി എ പ്രസിഡണ്ട് എന്നിവർ ഉൾപ്പെടുന്ന സമിതിയാണ് സ്കൂൾ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും അവലോകനം ചെയ്യുന്നതും.

**ഉപസംഹാരം**

വിദ്യാർത്ഥികളുടെ സമഗ്ര വളർച്ചയ്ക്കായി ഒരുക്കിയതാണ് ഈ വർഷത്തെ അക്കാദമിക മാസ്റ്റർ പ്ലാൻ. പാഠപാഠ്യേതര രംഗങ്ങളിൽ കുട്ടികളുടെ കഴിവുകളെ മെച്ചപ്പെടുത്താൻ ഇതിനു സാധിക്കുമെന്ന് ഞങ്ങൾ വിശ്വസിക്കുന്നു. സമൂഹത്തിനുള്ളിൽ നിന്നുകൊണ്ട് സമൂഹത്തിനായി പ്രവർത്തിക്കാനുള്ള കരുത്തും വിദ്യാലയം ഇതിലൂടെ നേടുമെന്നതിൽ സംശയമില്ല അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും പൊതുസമൂഹത്തിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ ഈ അക്കാദമിക മാസ്റ്റർപ്ലാനിൽ വിഭാവനം ചെയ്തവയെല്ലാം സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.